**അടിയന്തരപ്രമേയം**

**അടിമലത്തുറയിലെ പുറമ്പോക്കു ഭൂമി കയ്യേറ്റം**

മി. സ്പീക്കർ: നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി ഗ്രാമമായ അടിമലത്തുറയിൽ കായലും മലയും കടലും ഒത്തു ചേരുന്ന പരിസ്ഥിതി ദുർബല പ്രദേശമായ അഞ്ചരയേക്കർ സ്ഥലത്ത് 27 നില ഹോട്ടൽ കം അപ്പാർട്ടുമെന്റ് പ്രോജക്ടിന് സ്വകാര്യ വ്യക്തിക്ക് നിയമങ്ങളും ചട്ടങ്ങളും മറികടന്ന് പരിസ്ഥിതി വകുപ്പ് ഏജൻസികൾ അനുമതി നൽകിയതിനെത്തുടർന്ന് ഉളവായിരിക്കുന്ന പ്രശ്നം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. എസ്. സുനിൽ കുമാർ, വി. ശിവൻകുട്ടി, മാത്യു. റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ പ്രമേയത്തിൽ സൂചിപ്പിക്കുന്നതുപോലെ കോട്ടുകാൽ പ്രദേശത്തെ 58 സർവ്വേ നമ്പറുകളിലായി അഞ്ചരയേക്കർ ഭൂമിയിൽ ഹോട്ടൽ കം അപ്പാർട്ടുമെന്റ് പ്രോജക്ടിന് അപ്രൈസൽ കമ്മിറ്റിയുടെ അനുമതിയും അതോടൊപ്പം State Environmental Impact Assessment Authority-യുടെ ക്ലിയറൻസുമുണ്ട്. ഈ രണ്ട് ക്ലിയറൻസും കൊടുത്തിട്ടുണ്ട്. ഇതിനകത്ത് വിശദീകരണ കുറിപ്പിൽ പറയുന്നത് ബന്ധപ്പെട്ട അപ്രൈസൽ കമ്മിറ്റി സ്ഥലം പോലും

സന്ദർശിക്കാതെ ഇത് കൊടുത്തു എന്നാണ്. സ്ഥലം സന്ദർശിക്കുന്നതിന്റെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഞാൻ പരിശോധിച്ചപ്പോൾ സാധാരണ ഗതിയിൽ ഈ കമ്മിറ്റിയുടെ മുമ്പിൽ ഇത് വരും. Any other relevant validated information available and the site visit where ever the same is considered as necessary by the expert appraisal committee or the state level expert appraisal committee concerned. അങ്ങനെ വരുകയാണെങ്കിൽ, അവർക്ക് അവിടെ പോകണമെന്ന് തോന്നിയാൽ ആ സ്ഥലം സന്ദർശിക്കാൻ പറ്റും. ഈ അപ്രൈസൽ കമ്മിറ്റി ഇവർക്ക് അനുമതി കൊടുത്തതിനുശേഷം തീരദേശ സംരക്ഷണ സമിതി, അടിമലത്തുറ, ചൊവ്വര പി. ഒ, നെയ്യാറ്റിൻകര അവരുടെ ഒരു പെറ്റീഷൻ ഈ കമ്മിറ്റിയുടെ മുമ്പിൽ അയച്ചു കൊടുക്കുകയുണ്ടായി. പ്രൊഫ. ജോൺപോൾ ലൂയിസ് 26–05–2014–ൽ. അതിന്റെ അടിസ്ഥാനത്തിൽ മെമ്പർ സെക്രട്ടറിയും ഡയറക്ടറും അവിടെ പ്പോയി സന്ദർശിക്കുന്നതിനുവേണ്ടി തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവർ സ്ഥലപരിശോധനയും നടത്തിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഞാൻ പരിശോധിച്ചപ്പോൾ 6 ജനറൽ കണ്ടീഷൻസും അതോടൊപ്പം സ്പെഷ്യൽ കണ്ടീഷൻസുമുണ്ട്. ആ സ്പെഷ്യൽ കണ്ടീഷൻസിന്റെ കൂടി അടിസ്ഥാനത്തിലാണ് അവർക്ക് ക്ലീയറൻസ് കൊടുത്തിട്ടുള്ളത്. സഭയുടെ അറിവിനുവേണ്ടി ഞാൻ ആ സ്പെഷ്യൽ കണ്ടീഷൻസ് വായിക്കാം.

(1) Construction should not be made in areas where provisions of CRZ notification 2011 applies. 2011 നവംബറിലാണ് ഈ ആതോറിറ്റിയുടെ

നോട്ടിഫിക്കേഷൻ നിലവിൽ വരുന്നത്. In case of any dispute, the decision of KCZMA shall prevail. തീരദേശ നിയമം പാലിക്കുന്നതിനുവേണ്ടിയുള്ള തീരദേശ സംരക്ഷണ അതോറിറ്റിയുണ്ട്. ആ മാനേജ്മെന്റ് അതോറിറ്റിയുടെ തീരുമാനമായിരിക്കും ഫൈനൽ ആയി വരിക എന്നുള്ളതാണ് ഒന്നാമത്തെ കണ്ടീഷൻ.

(2) Constructions are not allowed if any area other than that described as 'Purayidam' in the revenue records. - റവന്യൂ റെക്കോർഡിൽ പുരയിടം എന്ന് പറയാത്ത ഏതെങ്കിലും സ്ഥലത്ത് നിർമ്മാണം ഉണ്ടെങ്കിൽ അത് സാധ്യമല്ല എന്നുള്ളതാണ് രണ്ടാമത്തെ കണ്ടീഷൻ.

(3) Height should be restricted as per the NOC from Airport Authority of India and Fire and Rescue Services. അതാണ് മൂന്നാമത്തെ കണ്ടീഷൻ.

(4) The cliff area should be kept undisturbed, protected and setback distances of 50 meters should be made from each. അതാണ് ഇതിന്റെ നാലാമത്തെ കണ്ടീഷൻ.

(5) Bore well should not be constructed.

(6) Disposal of sewage should not be made to CRZ area.

ഈ സ്പെഷ്യൽ കണ്ടീഷൻസ് കൂടാതെ സാധാരണ ഗതിയിൽ കൊടുക്കുന്ന ജനറൽ കണ്ടീഷൻസുമുണ്ട്. ഈ സ്പെഷ്യൽ കണ്ടീഷൻസുംകൂടി വച്ചുകൊണ്ടാണ് അവർക്ക് ഇത് കൊടുത്തിട്ടുള്ളത് എന്നുള്ളതാണ് എനിക്കു കിട്ടിയിട്ടുള്ള രേഖകൾ വച്ചു നോക്കുമ്പോൾ മനസ്സിലാകുന്നത്.

അതിനെ സംബന്ധിച്ച് ഇനി എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനുശേഷം മറുപടി പറയാം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിലെ അടിമലത്തുറ എന്നു പറയുന്നത് സമുദ്രതീര പ്രദേശത്തുള്ള ആറായിരത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണ്. പാരിസ്ഥികമായി ദുർബല പ്രദേശമായി പരിഗണിക്കപ്പെട്ടിട്ടുള്ള സ്ഥലം കൂടിയാണിത്. അര കിലോമീറ്റർ വീതിയും ഒന്നര കിലോമീറ്റർ നീളവുമുള്ള ഒരു പ്രദേശമാണ്. ഇതിന്റെ കിഴക്കുഭാഗം കാരിച്ചൽ കായലും തെക്കുപടിഞ്ഞാറു ഭാഗം കടലും വടക്കുവശം ചൊവ്വര ക്ലിഫ് എന്നു പറയുന്ന പ്രത്യേക മേഖലയുമാണ്. ഇതിൽ 58 സർവ്വേ നമ്പറുക ളിലായിട്ട് അഞ്ചരയേക്കറെന്നാണ് അവകാശപ്പെടുന്നതെങ്കിലും ഏകദേശം ഏഴര ഏക്കറോളം ഭൂമിയിൽ 156 ഹോട്ടൽ റൂമുകളും 271 അപ്പാർട്ടുമെന്റ് സൗകര്യത്തോടുംകൂടിയുള്ള 27 നില കെട്ടിടം പണിയാനാണ് അനുമതി കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി മറ്റ് ഏജൻസികൾ പാലിക്കേണ്ട ചില കണ്ടീഷൻസിനെക്കുറിച്ചാണ് പറഞ്ഞത്. പക്ഷേ ഈ അനുമതി കൊടു ത്തിരിക്കുന്ന State Environmental Appraisal Committe-യും State Environmental Impact Assessment Authority-യും പാലിക്കേണ്ട യാതൊരു കണ്ടീഷനും പാലിച്ചിട്ടില്ല. തീരപ്രദേശത്തെ ഈ സ്ഥലത്ത് 27 നില കെട്ടിടം പണിയാൻ വേണ്ടി ഒരു പ്രൊപ്പോസൽ വരുമ്പോൾ ഈ അപ്രൈസൽ കമ്മിറ്റി യുടെ പ്രാഥമികമായ ചുമതല അവിടെപോയി സന്ദർശനം നടത്തി ഇത് ശരി

യോണോ എന്ന് പരിശോധിക്കലാണ്. പ്രാഥമികമായി ചെയ്യേണ്ട ഒരു കാര്യമായിരുന്നു ഇത്. Artech എന്ന ഗ്രൂപ്പാണ് അപേക്ഷ കൊടുത്തിരിക്കുന്നത്. പാറ്റൂരിലെ കെട്ടിടം നിർമ്മിക്കുന്നതും ഈ Artech ഗ്രൂപ്പ് തന്നെയാണ്. ഇതിന്റെ ചെയർമാൻ കോൺഗ്രസിന്റെ പ്രമുഖ നേതാവിന്റെ അടുത്ത ബന്ധുവാണ് എന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. രാഷ്ട്രീയമായി പറയുന്നതല്ല. സ്വാധീനമുള്ളവരാണ്. അവർക്ക് അനുമതി കൊടുക്കാൻ വേണ്ടി ഒരു പരിശോധനയുമില്ല. 27 നില കെട്ടിടം പണിയാൻ വേണ്ടി അനുമതി കൊടുത്തിരിക്കുകയാണ്. ഇവിടെ തീരദേശസംരക്ഷണ സമിതി യുടെ ഒരു ചെയർമാൻ പരാതി നൽകി ഒരുമാസം കഴിഞ്ഞിട്ടും യാതൊരു വിധത്തിലുമുള്ള അന്വേഷണവും നടത്താതെ വന്നതിനെതുടർന്ന് മലയാള മനോരമ ചാനലിലും മറ്റ് പത്രങ്ങളിലുമെല്ലാം വാർത്തയായപ്പോൾ 26–06–2014–ൽ കമ്മിറ്റി ചേർന്ന് ചെയർമാനോട് അവിടെപോയി പരിശോധന നടത്താൻ വേണ്ടി ചുമതലപ്പെടുത്തുന്നു. ഒരു പരിശോധനയും നടത്താതെയാണ് ഇത്രയും വലിയ പരിസ്ഥിതി ആഘാതമുണ്ടാക്കുന്ന ഈ കെട്ടിട നിർമ്മാണത്തിനു വേണ്ടി ഈ സമിതി ഇങ്ങനെ അനുമതി കൊടുത്തിരിക്കുന്നത്. സാധാരണ നിലയിൽ ഇതുപോലെയുള്ള കാര്യങ്ങൾക്കുവേണ്ടി അനുമതി കൊടുക്കാൻ വേണ്ടി ടു ടയർ സിസ്റ്റമാണുള്ളത്. സെൻട്രൽ ഗവൺമെന്റ് ആക്ട് അനുസരിച്ച് രൂപീകരിക്കപ്പെട്ടിരിക്കുന്ന State Environment Appraisal Committee, State Environment Impact Assessment Authority എന്നു പറയുന്ന രണ്ടു സ്ഥാപനങ്ങൾ, ഏജൻസികൾ. ഈ രണ്ടു അതോറിറ്റിയുടെ താഴെയുള്ള അപ്രൈസൽ കമ്മിറ്റിയാണിത്

പരിശോധിക്കേണ്ടത്. ഈ അപ്രൈസൽ കമ്മിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഈ രണ്ടു കമ്മിറ്റികളുടെയും, ഏജൻസികളുടെയും സെക്രട്ടേറിയറ്റ് ആയി പ്രവർത്തിക്കുന്നത് നമ്മുടെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംസ്ഥാന ഗവൺമെന്റിന്റെ വകുപ്പാണ്. ശ്രീ. ശ്രീകണ്ഠൻ നായർ ഡറക്ടറായിരിക്കുന്ന വകുപ്പാണ്. ഇവിടെ ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ഈ പറയുന്ന സ്ഥലത്ത് റവന്യൂ ഭൂമിയുമായി ബന്ധപ്പെട്ട് രണ്ടരയേക്കർ, 67 സെന്റ് സ്ഥലത്തോളം വരുന്നത് പുറമ്പോക്കുഭൂമിയാണ്. രണ്ടേക്കർ ഭൂമിയുമായി ബന്ധപ്പെട്ടുകൊണ്ട് നെയ്യാറ്റിൻകര സബ് കോടതിയിൽ സിവിൽ കേസ് നമ്പർ ഒ. എസ് 127/2011 പ്രകാരം ഒരു കേസ് നിലനിൽക്കുകയാണ്. മറ്റൊരു കേസായ ഒ. എസ്. നമ്പർ 1094/93 പ്രകാരം അനുകൂലവിധി വന്നയാളിനെതിരെ നിൽക്കുന്ന ഷാജി തോമസ് എന്നു പറയുന്നൊരാളാണ് ഈ ഭൂമി ഇപ്പോൾ ഏൽപ്പിച്ചുകൊടുത്തിരിക്കുന്നത്. ഇവിടെ അനധികൃതമായി രണ്ടരയേക്കർ, 55-65 സെന്റോളം വരുന്ന 58 സർവ്വേ നമ്പരുകളിലായി കിടക്കുന്ന കടൽ പുറമ്പോക്കടക്കമുള്ള ഭൂമി യാതൊരു വിധ പരിശോധനയും കൂടാതെ അനുമതി കൊടുത്തിരിക്കുകയാണ്. ഇന്നലെ ഒരു റിപ്പോർട്ടുവന്നു. ഡി.എൽ.എഫുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചു. ആ ഡി.എൽ.എഫ്. എന്നു പറയുന്ന സ്ഥാപനത്തിന്റെ ഉടമസ്ഥന്മാരെപ്പറ്റി തർക്കമുണ്ടായി. ഞാനതിലേയ്ക്ക് പോകുന്നില്ല. പക്ഷേ അതീവ ഗുരുതരമായിട്ടുള്ള നിയമലംഘനങ്ങൾ നടന്നിട്ടുണ്ടെന്ന് അന്ന് പ്രതിപക്ഷം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അക്കമിട്ടു നിരത്തിക്കൊണ്ട് നേരത്തെ സൂചിപ്പിച്ചു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സമിതിയുടെ ഡയറക്ടർ, അസസ്സ്മെന്റ്

അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ശ്രീ. മൊഹന്തി ഐ.എ.എസ്., ഇതിന്റെ ചെയർമാൻ ശ്രീ. കെ.പി. ജോയി, അതിനുപുറമേ തീരദേശ നിയമവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വി. എൻ. രാജശേഖരൻ പിള്ള– ഈ നാലു പേരാണ് നമ്മുടെ സംസ്ഥാനത്ത് ഇതുപോലെയുള്ള പരിസ്ഥിതി ആഘാത പഠനങ്ങളെല്ലാം നടത്തി അനുമതി കൊടുക്കാനുള്ള പ്രധാനപ്പെട്ട ഏജൻസികൾ. നമ്മുടെ സംസ്ഥാനത്തിന്റെ പരിസ്ഥിതിയും പ്രകൃതിയും സംരക്ഷിക്കാൻ വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിയോഗിച്ചിരിക്കുന്ന വളരെ പ്രധാനപ്പെട്ട ഈ സമിതിയുടെ ചെയർമാൻമാരും സെക്രട്ടറിമാരുമായിരിക്കുന്ന ഈ നാൽവർ സംഘം വാസ്തവത്തിൽ നമ്മുടെ സംസ്ഥാനത്തെ പരിസ്ഥിതിയുടെ ഘാതകൻമാരായി മാറിയിരിക്കുകയാണ്. ഇവർ പരിസ്ഥിതിയ്ക്കു വേണ്ടിയിട്ടല്ല നിലകൊള്ളുന്നത്. ഇവർ നമ്മുടെ സംസ്ഥാനത്ത് അനധികൃതമായി പരിസ്ഥിതിയെ ചൂഷണം ചെയ്ത് ചട്ടങ്ങളെയും നിയമങ്ങളെയും നോക്കുകുത്തികളാക്കി മാറ്റി കോടികൾ അഴിമതി നടത്തി ഭരണ സംവിധാനത്തിന്റെ പരിപൂർണ്ണമായ പിന്തുണയോടുകൂടി ഇവർ നമ്മുടെ സംസ്ഥാനത്ത് അനധികൃതമായി എന്തും ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇതു സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് ഉണ്ട്, അത് അങ്ങേക്ക് മേശപ്പുറത്ത് വയ്ക്കാമോ? ആ റിപ്പോർട്ടിൽ എന്തു പറഞ്ഞിരിക്കുന്നു. ഈ ശ്രീകണ്ഠൻനായർ എന്നുപറയുന്ന പരിസ്ഥിതിയുടെ പ്രധാനപ്പെട്ട സമിതിയുടെ ചുമതല വഹിക്കുന്നയാളിനെ മാറ്റണമെന്ന് ശ്രീ. ടി. എൻ. പ്രതാപൻ എത്രനാളായി ആവശ്യപ്പെടുന്നു? അദ്ദേഹത്തെ മാറ്റാൻ പറ്റിയോ? മാറ്റാൻ പറ്റില്ല, കാരണം വമ്പിച്ച സ്വാധീനമുള്ളയാളാണ്. ടി.പി. സെൻകുമാറിന്റെ റിപ്പോർട്ട് എന്റെ കൈവശമിരിപ്പുണ്ട്, 2013–ൽ ടി.പി. സെൻകുമാർ ഈ

ശ്രീകണ്ഠൻ നായരെപ്പറ്റി പറയുന്നുണ്ട്, തമ്പാനൂർ രവി, കെ.പി. ജോയി തുടങ്ങി മുഖ്യമന്ത്രിയുമായി അടുത്ത ബന്ധമുള്ളവരുടെ സ്വാധീനത്താൽ ഈ ശ്രീകണ്ഠൻനായർ ആ സ്ഥാനത്ത് ഇരിക്കാനുള്ള യോഗ്യത പോലുമില്ലാതെ, എൺവയോൺമെന്റ് സ്റ്റഡീസുമായി ബന്ധപ്പെട്ടുകൊണ്ട് പി.ജി. കോഴ്സ് പാസ്സായി, 15 കൊല്ലത്തെ എക്സ്പീരിയൻസ് ഉണ്ടായിരിക്കണമെന്ന നിബന്ധന പാലിക്കാതെ, ആ പോസ്റ്റിലേക്ക് ഗവൺമെന്റാണ് നിയമിച്ചത്. മുത്തുനായകമെന്നുപറയുന്ന ആളാണ് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ചിരിക്കുന്ന വളരെ പ്രധാനപ്പെട്ട ഈ സമിതിയുടെ ചെയർമാൻ. മുത്തുനായകം പരിണിതപ്രജ്ഞനായ ഒരു പരിസ്ഥിതി പ്രവർത്തകൻ കൂടിയാണ്, കേന്ദ്ര ഗവൺമെന്റിന്റെ പല സ്ഥാനങ്ങളിലും ഇരുന്ന ആളാണ്. അദ്ദേഹത്തെ പുകച്ചു പുറത്തു ചാടിച്ചു. ഫെബ്രുവരി 15-ാം തീയതി മുഖ്യമന്ത്രിയുടെ പത്രക്കുറിപ്പിൽ പറയുന്നത് ആക്ടിലെ വ്യവസ്ഥപ്രകാരം 75 വയസ്സുവരെ മാത്രമേ അംഗങ്ങൾക്ക് ഇരിക്കാൻ പാടുള്ളൂ എന്നതുകൊണ്ട്, മുത്തുനായകത്തിന് 75 വയസ്സായി അതുകൊണ്ട് അദ്ദേഹത്തെ ഒഴിവാക്കുന്നു എന്നാണ്. മുത്തുനായകം മുഖ്യമന്ത്രിക്ക് സെപ്തംബർ മാസം 13-ാം തീയതി ഒരു കത്തു കൊടുത്തു. അതിൽ പറഞ്ഞിരിക്കുന്നത് പരിസ്ഥിതി വകുപ്പ് സംരക്ഷിക്കേണ്ട ഈ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാരായ ശ്രീ. മൊഹന്തി, ശ്രീകണ്ഠൻനായർ ഉൾപ്പെടെയുള്ള ആളുകളോടൊപ്പം എനിക്ക് ഒരിക്കലും യോജിച്ചുപോകുവാൻ കഴിയില്ല. Unethical, improper and unacceptable functioning of the director of ......... ഈ പറയുന്ന കമ്പനിയുടെ ചെയർമാൻ, അദ്ദേഹത്തിന്റെ Unethical, improper ആയ നിയമവിരുദ്ധമായ, പരിസ്ഥിതിക്ക് ഏറ്റവും എതിരായ നിലപാട് സ്വീകരിച്ചുകൊണ്ട് അഴിമതി

നിറഞ്ഞ ഈ ഡയറക്ടർ ഇരിക്കുന്ന ഓഫീസിൽ എനിക്ക് ഇരിക്കാൻ കഴിയുകയില്ല, ഞാൻ രാജിവെച്ച് ഒഴിയുന്നു എന്നു പറഞ്ഞ് കൊടുത്ത കത്താണ്. എന്നിട്ട് മുഖ്യമന്ത്രി പറയുന്നത് 75 വയസ്സായതുകൊണ്ട് അദ്ദേഹത്തെ മാറ്റി, എന്നാണ്. ആ നിയമന പ്രകാരം 75 വയസ്സ് അപ്പോയ്മെന്റ് നടക്കുമ്പോൾ മാത്രമാണ്. 75 വയസ്സു തികഞ്ഞാൽ അദ്ദേഹത്തെ മാറ്റണമെന്നില്ല. കേന്ദ്ര ഗവൺമെന്റ് ഡിഫൻസ് മിനിസ്ട്രിയുമായി ബന്ധപ്പെട്ട മറ്റൊരു വകുപ്പിൽ മുത്തുനായകത്തെ നിയമിച്ചിരിക്കുന്നു. 75 വയസ്സായി എന്ന് അദ്ദേഹം പറഞ്ഞിട്ടും നിയമപ്രകാരം അങ്ങനെ മാറേണ്ടതില്ലെന്നാണ് വകുപ്പു പറഞ്ഞത്. ഡിഫൻസ് ഡിപ്പാർട്ടുമെന്റിൽ എക്സ്പേർട്ട് ഓഫ് അപ്രൈസൽ കമ്മിറ്റിയുടെ മെമ്പറായി അദ്ദേഹമിപ്പോൾ തുടരുകയാണ്. രാജ്യം അംഗീകരിക്കുന്ന മുത്തുനായകത്തെ പുകച്ചു പുറത്ത് ചാടിക്കാൻ ഈ ഗവൺമെന്റിന്റെ തലപ്പത്തിരിക്കുന്നവർ ഗൂഢാലോചന നടത്തി. എന്നിട്ട് ഈ നാൽവർ സംഘം അവിടെ ഭരിക്കുകയാണ്. രാജശേഖരൻ പിള്ള ഡി.എൽ.എഫുമായി ബന്ധപ്പെട്ടുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഒറ്റ ദിവസംകൊണ്ട് എല്ലാ അംഗീകാരവും കൊടുത്തു. ആ ഡി.എൽ.എഫ് ന്റെ മുൻപിൽ കോൺഗ്രസ്സിന്റെ പ്രമുഖനായ ഒരു നേതാവിന്റെ ബന്ധു ഫ്ളാറ്റു പണിതുകൊണ്ടിരിക്കുകയാണ്, ഞാൻ ആ വിവരം ഇപ്പോൾ പുറത്തുവിടുന്നില്ല. നിങ്ങൾ അന്വേഷിക്കണം, ഈ ആർടെക് ഗ്രൂപ്പ് കോൺഗ്രസ്സിന്റെ പ്രമുഖ നേതാവിന്റെ ബന്ധുവിന്റേതാണ്, അവരാണ് പാറ്റൂരിൽ ഫ്ളാറ്റ് പണിതത്. ആ ഫ്ളാറ്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് 2013-ൽ ആന്റി കറപ്ഷൻ ബ്യൂറോയുടെ എസ്.പി. അങ്ങേക്ക് തന്നതല്ലേ? ആ റിപ്പോർട്ടിൽ വ്യക്തമായി പറയുന്നുണ്ട് - നിയമവിരുദ്ധമായി ഗവൺമെന്റിന്റെ ഭൂമി തട്ടിയെടുത്തിരിക്കുന്നുവെന്നും വാട്ടർ അതോറിറ്റിയുടെ കൺസന്റ്

ഇല്ലെന്നും ഒരു കാരണവശാലും ഇത് മുന്നോട്ടു പോകുവാൻ പാടില്ലെന്നും പോലീസിനെ ഉപയോഗിച്ചായാലും അത് നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഈ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ആർക്കുവേണ്ടിയാണ് അങ്ങ് പൂഴ്ത്തിവച്ചത്? പൂഴ്ത്തിവച്ചിട്ട് അവരിപ്പോഴും പണിതുകൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സിന്റെ പ്രമുഖരായ നേതാക്കളുടെ പേരുപോലും പരാമർശിച്ചുകൊണ്ടുള്ള ശ്രീ. ടി. പി. സെൻകുമാറിന്റെ റിപ്പോർട്ട് നിങ്ങളുടെ മുൻപിൽ ഇരിക്കുകയാണ്. ആ റിപ്പോർട്ട് ഉണ്ടായിട്ടും ശ്രീകണ്ഠൻനായരെ നിങ്ങൾ മാറ്റിയില്ല. ശ്രീ. മുത്തുനായകം പോയപ്പോൾ പകരം നിയമിതനായ കെ.പി. ജോയിയുടെ അദ്ധ്യക്ഷതയിൽ 16 അനധികൃത ക്വാറികൾക്ക് ശ്രീകണ്ഠൻനായർ അനുമതി കൊടുത്തു, 5 അനധികൃത കെട്ടിടനിർമ്മാണത്തിന് അനുമതി കൊടുത്തു, കോടികളുടെ ഇടപാടു നടന്നു. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട റിപ്പോർട്ട് ചെയ്യപ്പെട്ട, ചർച്ച ചെയ്യപ്പെട്ട, ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട റിപ്പോർട്ട് എന്താണ്? ആ റിപ്പോർട്ടിനകത്ത് ഈ ശ്രീകണ്ഠൻനായർ പറഞ്ഞിരിക്കുന്ന കാര്യം വായിക്കണം. പെറ്റീഷനേഴ്സ് പറയുകയാണ് അവരുടെ കൈവശം ഇല്ലീഗൽ ആയിട്ടുള്ള ഭൂമി കൺവെർഷൻ നടത്തിയിട്ടുണ്ടെന്ന്. ഇവർ പറയുന്നത് അങ്ങനെയൊരു പരാതിയില്ല എന്നാണ്. ഞങ്ങൾ അങ്ങനെ ഭൂമി നികത്തിയിട്ടില്ലെന്ന്, കെ.ജി.എസ് ഗ്രൂപ്പ് അവകാശപ്പെട്ടിരിക്കുന്നു. കെ.ജി.എസ്. ഗ്രൂപ്പിനുവേണ്ടി അങ്ങനെയൊരു റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്. രണ്ടാമത്തെ പരാതി K.G.S. company did not possess any landed property in Aranmula as on November 28, 2011 അതിനുള്ള മറുപടി The K.G.S. has informed that they have obtained Pattayam for 350 acres. കെ.ജി.എസ്

ഗ്രൂപ്പ് പറഞ്ഞിരിക്കുകയാണ് 350 ഏക്കറിന്റേയും പട്ടയം ഞങ്ങളുടെ കൈവശ മുണ്ട് എന്നാണ്, അന്വേഷണമൊന്നുമില്ല. അത് റിപ്പോർട്ടായി സർക്കാരിനു സമർപ്പിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രകൃതിയെ കൊള്ളയ ടിക്കാൻ വേണ്ടി കൂട്ടുനിന്ന നാൽവർ സംഘത്തിന്റെ തലവൻമാരായിരി ക്കുന്ന, ഗവൺമെന്റിനെതിരായ കാര്യമാണ്. പത്ത്കൊല്ലമായി 400 ഏക്കർ സ്ഥലത്തെ കൃഷി നടക്കുന്നു. ഈ വിദ്വാൻ പറഞ്ഞിരിക്കുന്നത് 10 കൊല്ല മായി അവിടെ കൃഷി ഇല്ല എന്ന് നാട്ടുകാർ പറഞ്ഞിരിക്കുന്നു എന്നാണ്. നാട്ടുകാരുടെ റിപ്പോർട്ടാണോ വേണ്ടത്, കൃഷി വകുപ്പിന്റെ റിപ്പോർട്ട് ഉണ്ടോ? പുറമ്പോക്കു ഭൂമി ഉണ്ടെന്നു പറയുന്നു. റിപ്പോർട്ട് കൊടുക്കേണ്ട ഏജൻസി ഗവൺമെന്റിന്റെ റിപ്പോർട്ടിനെ ഡിപ്പന്റു ചെയ്യാതെ...... ആരാണ് അവിടെ തെറ്റു ചെയ്തിരിക്കുന്നത്. അവർ പറഞ്ഞ കാര്യം റിപ്പോർട്ടിന്റെ ഭാഗമാക്കി വച്ച്, അവർക്കനുകൂലമായി റിപ്പോർട്ട് കൊടുത്ത പെരുംകള്ളൻമാരിലൊരാ ളാണ് ഈ ശ്രീകണ്ഠൻ നായർ, മൊഹന്തി ഐ.എ.എസ്., വി. എൻ. രാജശേ ഖരൻ പിള്ള, കെ.പി. ജോയ്. ഈ നാലുപേരും ആ സ്ഥാനത്ത് വന്നതിനു ശേഷം സംസ്ഥാനത്ത് കൊടുത്തിരിക്കുന്ന എൻവയോൺമെന്റ് ക്ലിയറൻസു മായി ബന്ധപ്പെട്ട കാര്യത്തിൽ നിരവധി കോടികളുടെ അഴിമതിയുണ്ട്. ഇതു സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കുവാൻ തയ്യാറാകുമോ? നമ്മുടെ സംസ്ഥാനത്ത് പ്രകൃതിയെ സംരക്ഷിക്കുവാൻ വേണ്ടിയാണ് ഏജൻസികൾ ഉണ്ടാക്കിയത്. ഇതിന് വ്യക്തമായ നിയമങ്ങളുണ്ട്, ചട്ടങ്ങളുണ്ട്. ആ നിയമങ്ങ ളേയും ചട്ടങ്ങളേയും നോക്കുകുത്തികളാക്കി മാറ്റി അതൊന്നും ബാധകമല്ല, എന്നാൽ പാവങ്ങൾക്ക് ബാധകമാവുകയും ചെയ്യും. മുഖ്യമന്ത്രി മുതല ക്കണ്ണീർ ഒഴുക്കി ഇവിടെ എന്താണു പറഞ്ഞത്?

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽകുമാർ, നമുക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടാകും. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ:സർ, മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്ന കാര്യത്തിന് കേന്ദ്രത്തിലേക്ക് പോകണം. ഡി.എൽ.എഫ് ഗ്രൂപ്പിനോ, ആർടെക് ഗ്രൂപ്പിനോ കെട്ടിടം പണിയാൻ ഒരു കേന്ദ്രത്തിലും പോകേണ്ട. ഇവിടെത്തന്നെ കൊടുക്കും. ഈ മാന്യൻമാർ ആർക്കുവേണ്ടിയാണ് മുതലക്കണ്ണീർ ഒഴുക്കിയത്? ഞാനിവിടെ ആരോപിക്കുന്ന ഒരു കാര്യം ഈ നാലുപേർക്ക് ഒറ്റയ്ക്ക് ഈ പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ കഴിയില്ല. ഇതിന് രാഷ്ട്രീയമായ പിന്തുണയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എല്ലാ ബഹുമാനവും വച്ച് കൊണ്ട് ഞാൻ പറയുന്നു. അങ്ങയുടെ ഓഫീസ് ഇതുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അങ്ങയുടെ ഓഫീസറിയാതെ നടക്കില്ല. ഈ പരിസ്ഥിതി വകുപ്പിന്റെ ചുമതലയിൽ ഇരിക്കുന്ന മന്ത്രിമാർ അറിയുന്നുണ്ട്, ഇവിടുത്തെ രാഷ്ട്രീയ നേതൃത്വത്തിനറിയാം. ഈ പറയുന്ന നിയമലംഘനങ്ങളിൽ......

മി. സ്പീക്കർ: ശ്രീ. വി. എസ്.സുനിൽ കുമാർ ഒരു കാര്യം പറഞ്ഞോട്ടെ, ഇന്ന് മൂന്ന് മന്ത്രിമാരുടെ ഡിമാന്റ് ഉണ്ട്, ശ്രീ.സി. ദിവാകരന്റെ ചട്ടം 130 അനുസരിച്ചുള്ള ഡിസ്കഷൻ ഉണ്ട്, അഞ്ചര മണിക്കെങ്കിലും നിർബന്ധമായിട്ട് സഭ അവസാനിപ്പിക്കണം. അങ്ങ് തന്നെ ഇപ്പോൾ 14 മിനിറ്റെടുത്തു. ഇത് എങ്ങനെ തീരും? പ്ലീസ് കൺക്ലൂഡ്......

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ആവശ്യപ്പെടുന്നത് ഇത് സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാണ്. അത് എന്റെ ബിസിനസ്സല്ല, അങ്ങയെ ഞാൻ ബഹുമാനിക്കുകയാണ്, അങ്ങ് പറയുന്നത് ശരിയാണ്. ഞാൻ പറഞ്ഞ ഏതെങ്കിലും ഒരു കാര്യം വസ്തുതാവിരുദ്ധമാണെന്ന് ഈ

ഗവൺമെന്റിന് തെളിയിക്കുവാൻ പറ്റുമോ? അനുവദിക്കുകയാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഞാൻ മേശപ്പുറത്ത് വയ്ക്കാം – ടി.പി. സെൻകുമാറിന്റെ റിപ്പോർട്ട്, പാറ്റൂരിലെ ഫ്ളാറ്റുമായി ബന്ധപ്പെട്ട കോൺഫിഡൻഷ്യൽ റിപ്പോർട്ട്. അതുമായി ബന്ധപ്പെട്ട് കൊടുത്തിരിക്കുന്ന കണ്ടീഷൻ സംബന്ധിച്ചു പറഞ്ഞു, അതുമാത്രമല്ല ഇവർ നിയമവിരുദ്ധമായി ചെയ്ത, ഞാൻ ആരോപിക്കുന്ന എല്ലാകാര്യങ്ങളുടേയും രേഖകൾ അങ്ങ് അനുവദിക്കുകയാണെങ്കിൽ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. ഈ അതീവ ഗുരുതരമായ സ്ഥിതിവിശേഷം, നമ്മുടെ സംസ്ഥാനത്തിന്റെ പ്രകൃതിയെ ചൂഷണം ചെയ്യാൻ വേണ്ടി, മാത്രമല്ല നെൽവയൽ തണ്ണീർതട നിയമം 2008–ൽ ഞങ്ങൾ കൊണ്ടുവന്നതാണ്. ആ നിയമത്തെ ഇവർ അട്ടിമറിക്കുകയാണ്. ആ നിയമത്തെ അട്ടിമറിക്കുവാൻ കാരണമെന്താണ്? ആറൻമുള കമ്പനിക്കു വേണ്ടി, ഇതുപോലെയുള്ളവർക്കു വേണ്ടി ആ നിയമത്തിന്റെ അന്ത:സത്തയെ ചോദ്യം ചെയ്തുകൊണ്ട് ഡാറ്റാ ബാങ്ക് പോലും പ്രസിദ്ധീകരിക്കാതെ, ഞങ്ങളുടെ കാലത്ത് 80 ശതമാനം ഡാറ്റാബാങ്ക് പൂർത്തീകരിച്ചുവെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എനിക്കും ശ്രീ. എ. കെ. ബാലനും എഴുതിതന്ന മറുപടി ഞങ്ങളുടെ കൈയ്യിൽ ഉണ്ട്. ആ ഡേറ്റാ ബാങ്ക് എന്തിനു റദ്ദാക്കി? നമ്മുടെ സംസ്ഥാനത്തിന്റ പരിസ്ഥിതി സംരക്ഷിക്കുവാൻ വേണ്ടി ഞങ്ങൾ കൊണ്ടുവന്ന ഈ നെൽവയൽ തണ്ണീർത്തട നിയമം ഇവർ നിർദാക്ഷിണ്യം തകർത്തിരിക്കുകയാണ്. ഇതെല്ലാം ഒരു ഗൂഢാലോചനയാണ്. നമ്മുടെ സംസ്ഥാനത്ത് വമ്പൻമാരായ കോർപ്പറേറ്റുകൾക്കും പണക്കൊതിയൻമാർക്കും വേണ്ടി നമ്മുടെ പ്രകൃതിയെ, പുഴയെ, മണ്ണിനെ എല്ലാം വിറ്റുതുലയ്ക്കാൻ കൂട്ടുനിൽക്കുന്ന ഗൂഢസംഘത്തിന് ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കുകയാണ്. അത് അതീവ ഗുരുതരമായ വിഷയമാണ്.

അതുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ അടിയന്തര പ്രമേയ നോട്ടിസിൽ എഴുതിതന്നിരിക്കുന്ന വിഷയത്തിനപ്പുറം ചില കാര്യങ്ങളെക്കുറിച്ച് ശ്രീ. വി. എസ്. സുനിൽകുമാർ ഇവിടെ പറഞ്ഞു. ഒന്നാമതായി ഡി.എൽ.എഫുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാമെന്ന് നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതാണ്. അടിയന്തരപ്രമേയാവതരണ സമയത്തല്ല അത് ചെയ്യേണ്ടത്. അതിന്റെ സന്ദർഭം വരുമ്പോൾ ബഹുമാനപ്പെട്ട ചെയർ നിർദ്ദേശിക്കുന്ന സമയത്ത് പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കാം. രണ്ടാമതായി, മുത്തുനായകവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. അത് ഈ അടിയന്തരപ്രമേയ നോട്ടീസിൽ ഉൾക്കൊള്ളുന്ന വിഷയമല്ലാത്തതുകൊണ്ട് അതിന് മറുപടി പറയുന്നില്ല. വേണമെങ്കിൽ പിന്നീട് ഒരു സന്ദർഭത്തിൽ അതിനെക്കുറിച്ച് ചർച്ച ചെയ്യാം. ഇവിടെ അടിമലതുറയിലെ പുറമ്പോക്കുഭൂമി കയ്യേറിയിട്ടുണ്ടെന്നാണ് ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞു. 22-01-2014–ലാണ് എൺവയോൺമെന്റ് ക്ലിയറൻസിനുവേണ്ടിയുള്ള ആർടെക് കമ്പനിയുടെ അപേക്ഷ ലഭിച്ചത്. പ്രസ്തുത അപേക്ഷയിലെ ഫോറം 1–ൽ കോടതി വ്യവഹാരങ്ങളൊന്നുമില്ലെന്ന് രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ച് കോടതി വ്യവഹാരങ്ങളില്ലെന്നുതന്നെയാണ് അവർ നൽകിയ രേഖകളിൽ നിന്ന് മനസ്സിലാക്കു

ന്നത്. അവർ നൽകിയ രേഖയിൽനിന്നും വ്യത്യസ്തമായ സാഹചര്യമാണ് വരുന്നതെങ്കിൽ അവർ നൽകിയ വിവരങ്ങൾ ശരിയല്ലെന്നുതന്നെയാണ് മനസ്സിലാക്കേണ്ടത്. രണ്ടാമതായി, അവർ നൽകിയ അപേക്ഷയിൽ സംശയ ങ്ങളുണ്ടായിരുന്ന പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങളിന്മേൽ കമ്മിറ്റി ക്വൊറിയിട്ട് കൊടുത്തു. ലൊക്കേഷൻ മാപ്പുമായി ബന്ധപ്പെട്ട് NOC from Airport Authority of India, സെസ്സിന്റെ റിപ്പോർട്ട്, സി.ആർ.ഇസഡ് സ്റ്റാറ്റസ് എന്നീ കാര്യങ്ങളെ സംബന്ധിച്ച് അവരുടെ വിശദീകരണം ചോദിക്കുകയും അതി നുള്ള മറുപടി അവർ കൊടുക്കുകയും ചെയ്തു. Proposal was considered by 25th meeting of the State level Expert Appraisal Committee held on 14th and 15th February 2014 wherein the proponent made the presentation of the project on 15th February 2014. എല്ലാ ഫോർമാലി റ്റീസും ക്ലിയർ ചെയ്തതിനുശേഷമാണ് ഇത് വരുന്നത്. അതിനുശേഷം ഈ അപ്രൈസൽ കമ്മിറ്റി ചേർന്ന് അവരുടെ ക്വൊറിയിന്മേലുള്ള വിശദീകരണം ചോദിക്കുകയും അതിനുള്ള വിശദീകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ.... the 25th meeting of the SEAC recommended the Environmental clearance to project specifying certain specific conditions in addition to the general conditions for non-mining projects. നോൺ മൈനിംഗ് പ്രോജ ക്ടിനുള്ള ചില ജനറൽ കണ്ടീഷനുകളുണ്ട്. ആ കണ്ടീഷനുകൾക്കപ്പുറമുള്ള സ്പെഷ്യൽ കണ്ടീഷനുകളാണ് നേരത്തെ ഇവിടെ വിശദീകരിച്ചത്. ആ ആറ് കണ്ടീഷനുകൾ ഈ കാര്യത്തിൽ കമ്മിറ്റി സ്പെസിഫൈ ചെയ്യുകയു ണ്ടായി. അതുകൂടി കിട്ടിയതിനുശേഷം SEAC, Environment Impact

Assessment Authority-ക്ക് റെക്കമെന്റ് ചെയ്യുകയാണുണ്ടായത്. സൈറ്റ് ഇൻസ്പെക്ഷനെ സംബന്ധിച്ചുള്ള ഒരു സംശയം അദ്ദേഹത്തിന്റെ വിശദീകര ണക്കുറിപ്പിൽതന്നെ ഉണ്ടായിരുന്നതുകൊണ്ട് സൈറ്റ് ഇൻസ്പെക്ഷൻ സംബന്ധിച്ചുള്ള നിയമവ്യവസ്ഥയെക്കുറിച്ച് നേരത്തെ ഇവിടെ വിശദീകരിച്ച തുകൊണ്ട് ആവർത്തിക്കുന്നില്ല. Para 7 of (4) (2) –ലാണ് ഈ വ്യവസ്ഥയെക്കു റിച്ച് പറയുന്നത്. ആ വ്യവസ്ഥയനുസരിച്ച് wherever the same is considered as necessary by the Expert Appraisal Committee or the State level Expert Appraisal Committee, കമ്മിറ്റിക്ക് സ്ഥലം പരിശോധിക്കണമെന്ന് തോന്നിയാൽ അവർക്ക് അതിനുള്ള അവകാശമുണ്ട്. ഇ.ഐ.എ.എ. നോട്ടിഫി ക്കേഷനുസരിച്ച് സൈറ്റ് ഇൻസ്പെക്ഷൻ മാൻഡേറ്ററിയല്ലാത്തതുകൊണ്ട് പ്രിലിമിനറിയായി അവർ മറ്റ് സ്റ്റെപ്പുകളിലേയ്ക്ക് കടക്കുകയായിരുന്നു. State Level Environment Impact Assessment Authority considered the proposal at 27th meeting held on 28th February 2014 and decided to issue Environmental Clearance stipulating the following specific conditions. ആ കണ്ടീഷനുകളെല്ലാം പാലിച്ചുകൊണ്ട് അവർക്ക് എൻവയോൺമെന്റൽ ക്ലിയറൻസ് കൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനമാണുണ്ടായത്. അതിനു ശേഷം 29–ാമത് SEIAA ഫർദറായി EC കൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനത്തിലേയ്ക്ക് പോയി. EC was issued on 07-05-2014. അങ്ങനെ രേഖകൾ പരിശോധിച്ച് സ്റ്റെപ്പ് ബൈ സ്റ്റെപ്പായി എല്ലാ കാര്യങ്ങളും ക്ലിയർ ചെയ്തശേഷമാണ് എൻവയോൺമെന്റൽ ക്ലിയറൻസ് കൊടുക്കുന്നത്. ബഹു മാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഈ രേഖകൾ പരിശോധിച്ച

തിനപ്പുറം എന്തെങ്കിലും ഡിസ്പ്യൂട്ടോ മറ്റുകാര്യങ്ങളോ ഉണ്ടെങ്കിൽ നിശ്ചയമായും അത് അവർ നൽകിയിരിക്കുന്ന വസ്തുതകൾക്ക് വിരുദ്ധമാണ്. അതിനുള്ള പരിഹാര നടപടികൾ വേറെയാണ്. ഇപ്പോൾ ഗവൺമെന്റിന്റെ മുന്നിലുള്ള കാര്യങ്ങൾ ഇതൊക്കെയാണ്. അതിനുശേഷമാണ് തീരദേശ സംരക്ഷണ സമിതി ഒരു പരാതി കൊടുത്തത്. ആ പരാതി കൊടുത്ത തീയതി ഇവിടെ വായിക്കുകയുണ്ടായി. എൻവയോൺമെന്റൽ ക്ലിയറൻസ് കൊടുത്ത് ഏതാനും ആഴ്ചകൾ കഴിഞ്ഞതിനുശേഷമാണ് ഇവർ പെറ്റീഷൻ കൊടുക്കുന്നത്. ബഹുമാനപ്പെട്ട അംഗം പ്രസ്തുത പെറ്റീഷനിലെ കാര്യങ്ങളൊക്കെ ഇവിടെ വിശദീകരിച്ചതുകൊണ്ട് സമയചുരുക്കം കൊണ്ട് ഒന്നുകൂടി അത് വായിക്കുന്നില്ല. ഈ പെറ്റീഷൻ കിട്ടിയതിനുശേഷം the Director of Environment Department received a complaint from the Theeradesa Samrakshana samithi, അതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് ലെവൽ എൻക്വയറി നടത്തുകയുണ്ടായി. അങ്ങനെ ഫീൽഡ് ലെവൽ എൻക്വയറി നടത്താൻ പോയതിനെക്കുറിച്ചാണ് പിന്നീട് ഇവിടത്തെ വിഷ്വൽ മീഡിയയിൽ വന്നത്. എൻവയോൺമെന്റൽ ക്ലിയറൻസ് കൊടുത്തതിനുശേഷമാണ് അവരുടെ കയ്യിൽ പെറ്റീഷൻ കിട്ടിയത്. അങ്ങനെ പെറ്റീഷൻ കിട്ടിയപ്പോൾ അന്വേഷിക്കുന്നതിനുവേണ്ടി ഡയറക്ടറേയും മെമ്പർ സെക്രട്ടറിയേയും ചുമതലപ്പെടുത്തുകയും അവർ അവിടെ പോയി ഫീൽഡ് വെരിഫിക്കേഷൻ നടത്തുകയും ചെയ്തു. അപ്പോൾ ഈ വിധത്തിലാണ് ഈ കാര്യങ്ങളെല്ലാം ക്ലിയർ ചെയ്തിരിക്കുന്നത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: അങ്ങ് പറഞ്ഞ ഈ കമ്മിറ്റി സ്ഥലപരിശോധന നടത്തിയിട്ടില്ലെന്ന് വളരെ നിസ്സാരമായിട്ടാണ് പറയുന്നത്. 500

മീറ്റർ മാത്രം വീതിയുള്ള സ്ഥലമാണിതെന്നാണ് ഇവർ കൊടുത്തിരിക്കുന്ന ഓർഡറിൽ പറഞ്ഞിരിക്കുന്നത്. ഈ സി.ആർ.ഇസഡ് നിയമപ്രകാരം 500 മീറ്ററിനപ്പുറത്ത് മാത്രമേ കെട്ടിടം പണിയാൻ സാധിക്കുകയുള്ളൂവെന്നിരിക്കെ എന്ത് അടിസ്ഥാനത്തിലാണ് the proposed building is outside the CRZ area എന്ന് ഈ ഓർഡറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ വളരെ മുൻകൂട്ടി ആസൂത്രണം ചെയ്തൊരു കാര്യമാണിത്. സ്ഥലം പരിശോധന പോലും നടത്താതെ സി.ആർ.ഇസഡ് ഏരിയയുടെ പുറത്താണിതെന്ന് അവർക്ക് എങ്ങനെയാണ് അറിവ് കിട്ടിയത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഈ കാര്യങ്ങളെപ്പറ്റി ക്രോണോളജിക്കൽ ഓർഡറിൽ നേരത്തെ വിശദീകരിച്ചതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല. ഒരു പെറ്റീഷൻ വന്നപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ചു. ബഹുമാനപ്പെട്ട അംഗം ശ്രീകണ്ഠൻനായരെക്കുറിച്ച് ഇവിടെ പറഞ്ഞു. അദ്ദേഹം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്നതാണ്. അദ്ദേഹത്തിന്റെ ഡെപ്യൂട്ടേഷൻ കാലാവധിയായ അഞ്ച് വർഷം പൂർത്തിയായപ്പോൾ തിരികെ പോവുകയും ചെയ്തു. അക്കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ഗ്യാലറിയിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേര് പറഞ്ഞ് അവരെ ആക്ഷേപിക്കരുതെന്ന് ഈ സഭയിൽ തന്നെ ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകിയിട്ടുണ്ട്. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് ഗവൺമെന്റിന് എഴുതി തന്നാൽ അക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം. ഗ്യാലറിയിൽ ഇരിക്കുന്ന ഉദ്യോഗസ്ഥരെ ആക്ഷേപിക്കാൻ പാടില്ലെന്നുള്ള ബഹുമാനപ്പെട്ട ചെയറിന്റെ ഒരു റൂളിംഗുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ഗ്യാലറിയിലുണ്ട് എന്നുള്ളതുകൊണ്ട് ഗ്യാലറിയിലിരിക്കുന്ന ഒരാളെപ്പറ്റി പരാമർശിക്കാൻ പാടില്ലെന്നൊരു റൂളിംഗുമില്ല. മാത്രമല്ല, ഗ്യാലറിയിൽ ഒരു ഉദ്യോഗസ്ഥൻ ഉണ്ടെന്ന് പറഞ്ഞുകൊണ്ട് ഇവിടെ സംസാരിക്കാൻ പാടില്ല. അത്രമാത്രമേയുള്ളൂ. അല്ലാതെ ഒരു ഡി.ജി.പി. ഗ്യാലറിയിൽ വന്നിരുന്നാൽ ഡി.ജി.പി.ക്കെതിരായി പറയാൻ പാടില്ലെന്നാണോ, ചീഫ് സെക്രട്ടറി ഇരിക്കുന്നുവെന്ന് കരുതി അദ്ദേഹത്തിനെതിരായി പറയാൻ പാടില്ലെന്നാണോ; അങ്ങനെയൊരു റൂളിംഗ് ഇവിടെ ഉണ്ടായതായി ഞാൻ ഓർക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയെ അറിയിച്ച കാര്യം ഇവിടെ പറഞ്ഞുവെന്നേയുള്ളൂ. ബഹുമാനപ്പെട്ട അംഗത്തിന് റൂളിംഗിനെക്കുറിച്ച് തർക്കമുണ്ടെങ്കിൽ അത് ചെയറിന് എഴുതി ക്കൊടുത്ത് അതിനുള്ള വിശദീകരണം വാങ്ങുകയാണ് വേണ്ടത്. അത് എന്റെ മുമ്പിലുള്ള വിഷയമല്ല. പക്ഷെ, ഗവൺമെന്റ് ഈ കാര്യത്തിൽ ചെയ്യേണ്ട എല്ലാ കാര്യങ്ങളും നിയമവശങ്ങളെല്ലാം നോക്കിയിട്ടാണ് ചെയ്തിട്ടുള്ളത്. ഇതിനേക്കാൾ അപ്പുറമായി ഒന്നും ഗവൺമെന്റിന് വിശദീകരിക്കാനില്ല. അതു കൊണ്ട് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു. )

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നമ്മുടെ പരിസ്ഥിതിയെ തകിടംമറിക്കുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്ക്

ഈ സർക്കാർ കൂട്ടുനിൽക്കുന്നതിനെപ്പറ്റി എത്രാമത്തെ തവണയാണ് ഞങ്ങൾ ഈ സഭയിൽ ഉന്നയിക്കുന്നത്? മൂന്നോനാലോ തവണയായി. ഇന്ന് നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിൽ നടക്കുന്ന അനധി കൃത നിർമ്മാണത്തെപ്പറ്റിയുള്ള ചർച്ചയാണ് ആവശ്യപ്പെട്ടത്. നേരത്തെ കൊച്ചിയിലെ ചിലവന്നൂർ കായൽ കയ്യേറി നടത്തിയ അനധികൃത ഫ്ളാറ്റ് നിർമ്മാണത്തെപ്പറ്റി പ്രതിപക്ഷം ആക്ഷേപം ഉന്നയിച്ചിരുന്നു. അതിനെക്കുറിച്ച് ഞങ്ങളുയർത്തിയ ആരോപണങ്ങളെല്ലാം ശരിവയ്ക്കുന്ന റിപ്പോർട്ടുകളാണ് ഇപ്പോൾ ചീഫ് സെക്രട്ടറി നൽകിയിരിക്കുന്നത്. അന്ന് ഞങ്ങൾ ഇത് ഉന്നയി ച്ചപ്പോൾ ചർച്ച ചെയ്യാൻ പറ്റില്ലെന്ന് പറഞ്ഞ ഉമ്മൻ ചാണ്ടിക്കും കൂട്ടർക്കും ഇപ്പോൾ എന്താണ് പറയാനുള്ളത്? ആറന്മുള വിമാനത്താവളത്തിന്റെ കാര്യത്തിലും പരിസ്ഥിതിയെ ഹനിക്കുന്ന റിപ്പോർട്ട് നൽകി കമ്പനിയെ സഹായിക്കാനാണ് സർക്കാർ ശ്രമിച്ചത്. ആലപ്പുഴ ജില്ലയിലെ പാണാവള്ളി യിൽ കായൽ കയ്യേറി റിസോർട്ട് നിർമ്മിച്ചതും ഈ സർക്കാർ ഒത്താശ നൽകിയതുകൊണ്ട് മാത്രമാണ്. കഴിഞ്ഞ ആഴ്ചയല്ലേ പാറ്റൂരിലെ വിവാദ ഫ്ളാറ്റ് നിർമ്മാണത്തെപ്പറ്റി ഞങ്ങൾ സഭയിൽ ഉന്നയിച്ചത്? ഈ എല്ലാ പ്രശ്ന ങ്ങളിലും ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്. ചിലവന്നൂരിലെ ഫ്ളാറ്റ് നിർമ്മാണത്തിന് വഴിവിട്ട സഹായം സർക്കാർ ചെയ്തത് റോബർട്ട് വധേരയ്ക്കുവേണ്ടിയാണെങ്കിൽ പാറ്റൂരി ലെയും നെയ്യാറ്റിൻകരയിലെയും അനധികൃത നിർമ്മാണം പഴയ കോൺഗ്രസ്സ് നേതാവ് കരുണാകരൻ പിള്ളയുടെ മരുമകനുവേണ്ടിയല്ലേ ചെയ്തത്; പാറ്റൂരിലെ അനധികൃത നിർമ്മാണം സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് സർക്കാർ കണ്ടില്ലേ? എന്റെ കയ്യിൽ വിജിലൻസ് റിപ്പോർട്ടിന്റെ കോപ്പിയുണ്ട്. ആ റിപ്പോർട്ടനുസരിച്ച് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിരിക്കുന്നത് മുഖ്യമന്ത്രി

ഉമ്മൻ ചാണ്ടിക്ക് ഏറ്റവും വേണ്ടപ്പെട്ട അഴിമതിക്കാരായ 4 ഉദ്യോഗസ്ഥന്മാർ ചേർന്നാണ്. ഈ നാൽവർ സംഘത്തിന് നാട്ടിലെ നിയമങ്ങളെല്ലാം കാറ്റിൽ പറത്തി, പരിസ്ഥിതി നാശമുണ്ടാക്കി കോടികൾ അഴിമതി നടത്താനുള്ള ധൈര്യം എങ്ങനെയുണ്ടായി? മുഖ്യമന്ത്രിയുടേയും സർക്കാരിന്റേയും പിന്തുണയും സഹായവുമുള്ളതുകൊണ്ടല്ലേ അവർ ഇങ്ങനെ സ്വൈര്യ വിഹാരം നടത്തുന്നത്? വഴിവിട്ട നടപടികൾ സ്വീകരിച്ചതിന്റെ പേരിൽ ഈ നാൽവർ സംഘത്തിന്റെ പോക്കറ്റിൽ വീണത് എത്ര കോടി രൂപയാണ്; അതിൽ എത്ര കോടി രൂപ മുഖ്യമന്ത്രിക്ക് കിട്ടി? .....(ബഹളം)....ഇത് തീവെട്ടി ക്കൊള്ളയല്ലേ? തീവെട്ടിക്കൊള്ള.......തീവെട്ടിക്കൊള്ള.....തീവെട്ടിക്കൊള്ളയാണിത്. കേരളത്തിന്റെ കായലും തോടും ഭൂമിയുമൊക്കെ തട്ടിപ്പുകാർക്കും വെട്ടിപ്പുകാർക്കും ഭൂമാഫിയയ്ക്കും തീറെഴുതി കൊടുക്കുകയല്ലേ? ഇങ്ങനെ പോയാൽ ഈ കേരളത്തെ തന്നെ നിങ്ങൾ വിറ്റ് കാശാക്കുകയില്ലെന്ന് ആര് കണ്ടു? .....(ബഹളം)..... പാറ്റൂർ ഭൂമിയിലെ .........(ബഹളം).....

മി. സ്പീക്കർ: പ്ലീസ്........പ്ലീസ്............ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തെ ആരും തടസ്സപ്പെടുത്താറില്ല. പക്ഷേ അദ്ദേഹം പറഞ്ഞ ഒരു വാക്ക് വളരെ ദുഃസൂചനയുള്ളതാണ്. ഒരു പ്രതിപക്ഷ നേതാവിന്റെ ഭാഗ ത്തുനിന്ന് അതുണ്ടാകാൻ പാടില്ല. ......(ബഹളം)...... അങ്ങനെയല്ല.....നോ.... നോ......പ്ലീസ്......പ്ലീസ്....ശ്രീ. സി. ദിവാകരൻ, ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. പ്ലീസ്....പ്ലീസ്..... അങ്ങനെ നിങ്ങൾ ബഹളമുണ്ടാക്കരുത്. ഞനൊന്ന് പറയട്ടെ, പ്ലീസ്.....പ്ലീസ്....

ശ്രീ. സി. ദിവാകരൻ: ......(മൈക്ക് ഓഫ്).........

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്രതിപക്ഷ നേതാവിനും പ്രതിപക്ഷാംഗങ്ങൾക്കും അവരവരുടെ അഭിപ്രായങ്ങൾ പറയാം, അഴിമതി ആരോപണം നടത്താം, ഇവിടെ നടത്താറുമുണ്ട്. പക്ഷേ ഒരു അഴിമതിയുമായി ബന്ധപ്പെട്ട്, അതിൽ എത്ര കോടി രൂപ ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിക്ക് കിട്ടിയെന്ന് പ്രതിപക്ഷ നേതാവ് ഈ സഭയിൽ പറഞ്ഞത് ശരിയായില്ല. തീർച്ചയായും അത് നിലവാരത്തിന് ചേർന്നതല്ലെന്ന് ഞാൻ പറയുന്നു. .....(ബഹളം).....

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, ഇങ്ങനെ ഈ അഴിമതിയും തട്ടിപ്പും വെട്ടിപ്പും കൊള്ളയും നടത്തിയാൽ അത് സംബന്ധിച്ച് പറയാൻ അവകാശമില്ലേ? .......(ബഹളം).......

<u>മി. സ്പീക്കർ</u>: ആര്; എവിടെ നടത്തിയെന്നാണ് പറയുന്നത്?

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ നിന്നും എണീറ്റ് സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്ന് ബഹളം വയ്ക്കുകയും ഭരണ-പ്രതിപക്ഷാംഗങ്ങൾ തമ്മിൽ വെല്ലുവിളികൾ നടത്തുകയും ചെയ്തു.)

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, പാറ്റൂർ ഭൂമിയിലെ അനധികൃത നിർമ്മാണത്തെപ്പറ്റി മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും അതു സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രിയും........(ബഹളം)........വിജിലൻസിന്റെ .....(ബഹളം).....

<u>മി. സ്പീക്കർ</u>: കോടി....കോടി....എന്നുപറയുന്നു. ഈ കോടികൾക്കൊന്നും ഒരു കണക്കില്ലേ? .....(ബഹളം).... യെസ്......യെസ്..... അവരവരുടെ സീറ്റിലേയ്ക്ക് പോകണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ.......

(പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിർദ്ദേശാനുസരണം പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ പോയിരുന്നു.)

<u>മി. സ്പീക്കർ</u>: ......(ബഹളം)..... യെസ്.....പ്ലീസ്.... ശ്രീ. കെ. മുരളീധരൻ......ബഹുമാനപ്പെട്ട അംഗങ്ങൾ അതാത് സീറ്റിൽ നിന്നാൽ ശരിയാകില്ല. പ്രതിപക്ഷ നേതാവിന്റെ പ്രസംഗം തീർന്നിട്ടില്ല. അങ്ങ് ഇരിക്കൂ.... പ്രതിപക്ഷ നേതാവിന്റെ പ്രസംഗം തീർന്നിട്ടില്ല. നിയമസഭയ്ക്കകത്ത് എഴുതി വായിക്കാമെന്ന റൂളിംഗുണ്ട്. ഇവിടെയുള്ള എല്ലാവരും നോട്ട് വായിക്കാറുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗം പൂർത്തീകരിച്ചതിനുശേഷം മുന്നോട്ടുനീങ്ങാം.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, പാറ്റൂർ ഭൂമിയിലെ അനധികൃത നിർമ്മാണത്തെപ്പറ്റി മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയും അറിഞ്ഞിരുന്നുവെന്നല്ലേ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്. വി. എസ്. അച്ചുതാനന്ദൻ പറയുന്നതാണോ; വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ പറയുന്നതല്ലേ; എന്നിട്ട് ഞങ്ങൾ ഈ കാര്യം സഭയിൽ ഉന്നയിച്ചപ്പോൾ മുഖ്യമന്ത്രിയും മന്ത്രിമാരും പൊട്ടക്കളി നടത്തുകയല്ലേ ചെയ്തത്? നാടിനെത്തന്നെ നശിപ്പിക്കുന്ന ......(ബഹളം).....സർക്കാരിന്റെ ഇത്തരം കൊള്ളരുതായ്മകൾ കണ്ട് നാണം തോന്നുന്നില്ലേ? ഈ കൊള്ളരുതായ്മകൾ കണ്ടില്ലെന്ന് നടിക്കാനാകില്ല. ഇതേപ്പറ്റി സമഗ്രവും വിശദവുമായ ....(ബഹളം)....

<u>മി. സ്പീക്കർ</u>: അദ്ദേഹം പറഞ്ഞ് തീർക്കട്ടെ. പ്ലീസ്.....പ്ലീസ്.... ശ്രീ. ശിവദാസൻ നായർ.....

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: ഉന്നതതല അന്വേഷണം നടത്തണം. ഇതിനുമുമ്പ്..............

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇവിടെ പ്രതിപക്ഷ നേതാവിന് സംസാരിക്കാനുള്ള അവകാശമുണ്ടോ?

മി. സ്പീക്കർ: ഉണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇല്ലെങ്കിൽ സഭ നടക്കണ്ടേ.

മി. സ്പീക്കർ: ഉണ്ട്. ..........(ബഹളം).... അവകാശമില്ലെന്ന് ആരും പറഞ്ഞില്ലല്ലോ? പ്ലീസ്.....എല്ലാവരും ഇരിക്കുക.

(വീണ്ടും പ്രതിപക്ഷാംഗങ്ങൾ സ്വസ്ഥാനങ്ങളിൽ നിന്നും എണീറ്റ് സ്പീക്കറുടെ ഡയസിന് മുമ്പിലേയ്ക്ക് വന്നു.)

മി. സ്പീക്കർ: ശിവൻകുട്ടി എന്താണ് വേണ്ടത്? ഇവിടെ എന്താണ് സംഭവിച്ചത്? .....(ബഹളം).... ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഇല്ലാത്ത സിറ്റ്വേഷനുണ്ടാക്കരുത്. ഇവിടെ പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തെ ആരും തടസ്സപ്പെടുത്തിയില്ല. ശിവൻകുട്ടിയെപ്പോലെയുള്ള ആളുകൾ തടസ്സപ്പെടുത്തുന്നതിന് ഞാൻ ഉത്തരവാദിയല്ല. നിങ്ങൾ ബഹളമുണ്ടാക്കുകയാണെങ്കിൽ ഞാൻ നിസ്സഹായനാണ്. ....(ബഹളം)...... ദയവുചെയ്ത് ......പ്രതിപക്ഷ നേതാവിന് സംസാരിച്ചുതീർക്കണ്ടേ? പ്ലീസ്.....

(എല്ലാവരും സ്വസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചുപോയിരുന്നു.)

മി. സ്പീക്കർ: .....(ബഹളം).....പ്രതിപക്ഷ നേതാവിന് സംസാരിക്കാം. ആ വിഷയം വരുന്നില്ല, തീർച്ചയായും പ്രതിപക്ഷ നേതാവിന് സംസാരിക്കാം. ശ്രീ. അൻവർ സാദത്ത്......ദയവുചെയ്ത് സഭ നടത്തിക്കൊണ്ടുപോകാൻ നിങ്ങൾ സഹകരിക്കണം. പ്ലീസ്....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇതുസംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തണം. അതിനുമുമ്പ് ഈ കൊള്ളസംഘത്തിലെ നാലു പേരെയും ഇന്നുതന്നെ സസ്പെന്റ് ചെയ്യണം. അതിന് സർക്കാർ അടിയന്തര നടപടികളെടുക്കണം. ഹ്രസ്വദൃഷ്ടികളും അഴിമതിക്കാരും നാടിനോട് കൂറില്ലാത്തവരുമായ ചിലരെയാണ് നിങ്ങൾ സുപ്രധാനമായ പല സ്ഥാനങ്ങ

ളിലും നിയമിച്ചിട്ടുള്ളത്. അവർക്ക് നിയമം ലംഘിച്ച് എന്തും ചെയ്യുവാനും, അഴിമതി നടത്താനുമുള്ള സൗകര്യം ഗവൺമെന്റ് ചെയ്തുകൊടുക്കുകയാണ്. ഈ അഴിമതിയുടെ പങ്കും നിങ്ങൾ പറ്റുകയാണ്. അതുകൊണ്ട് ഗുരുതരമായ ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടത് തന്നെയാണ്. പക്ഷേ നിങ്ങൾ അതിന് തയ്യാറല്ല. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, ഈ വിഷയത്തിൽ അതീവഗുരുതരമായ ആക്ഷേപങ്ങളാണ് ഞങ്ങൾ ഉന്നയിച്ചിട്ടുള്ളത്. പക്ഷേ അതുമായി ബന്ധപ്പെട്ട, ഒരുപാട് വാചാലരാകുന്ന മന്ത്രിമാർ നിശബ്ദരാണ്. അവർ ഇതിന് മറുപടി പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതിനകത്തുള്ള റവന്യൂ വകുപ്പു മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും പങ്കാണ് ഞങ്ങൾ ഇവിടെ ആക്ഷേപമായി ഉന്നയിച്ചത്. നിങ്ങൾ അതിന് ബഹളംകൊണ്ട് ഞങ്ങളെ നിശബ്ദരാക്കിയിട്ട് കാര്യമില്ല. വസ്തുത വസ്തുതകളായിട്ടുതന്നെ രേഖകളിൽ കാണും. ചൊവ്വരയിൽ 27 നില പൊങ്ങിയിട്ടുണ്ട്. അതൊരു വസ്തുതയാണ്. അതിന് നിങ്ങൾ അനുവാദം കൊടുത്തു. അവിടെപ്പോയി സന്ദർശിക്കണമെന്ന് ഇതിനകത്ത് പറഞ്ഞിട്ടില്ലായെന്നാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞിരിക്കുന്നത്. പോകാൻ പാടില്ലായെന്നും പറഞ്ഞിട്ടില്ല. അവിടെപ്പോയത് എപ്പോഴാണ്? പണിയെല്ലാം കഴിഞ്ഞതിനുശേഷമാണെന്ന് നിങ്ങൾതന്നെ പറഞ്ഞു. അതൊരു നാടകമായിരുന്നു. ഒരു മാസം കഴിഞ്ഞതിനുശേഷമാണ്

പോയത്. 27 നിലയുള്ള പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് അതിന്റെ സിവിൽ വർക്ക് തുടങ്ങി. ഞാൻ പോയി കണ്ടതാണ്. അതിന്റെ ഗ്രൗണ്ട് വർക്ക് തുടങ്ങി. ഇല്ലായെന്ന് നിങ്ങൾ പറഞ്ഞാൽ........ അവസാനത്തെ നിലയുടെ പണി ചെയ്തില്ലായെന്നേയുള്ളൂ. അതില്ലായെന്ന് പറയരുത്. എന്താണ് ഇത്ര അസ്വസ്ഥത? പ്രതിപക്ഷം ഗുരുതരമായ ഏതെങ്കിലും വിഷയം, എല്ലാ നിയമങ്ങളേയും കാറ്റിൽപ്പറത്തി നമ്മുടെ തീരപ്രദേശങ്ങളെ ആരെങ്കിലും കയ്യേറ്റം നടത്തിയാൽ, കയ്യേറ്റം നടത്തിയെന്ന് നിയമസഭയിൽ പറയുന്നവരെ ആക്ഷേപിക്കുന്നതിൽ എന്ത് നീതിയാണുള്ളത്? നിങ്ങളൊരു അന്വേഷണം നടത്തണം. ആരൊക്കെയാണ് ഉദ്യോഗസ്ഥൻമാർ, എന്ത് പങ്കാണ് അവർ വഹിച്ചത്, എവിടെയാണ് ഈ സ്ഥലം, സർവ്വേ നമ്പർ എത്രയാണ്, എത്രയാണ് സർക്കാർ ഭൂമി, എങ്ങനെയാണ് ഇതിന്റെ അനുമതി നേടിയത് എന്നിവയൊക്കെ ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞില്ലേ. ഒരൊറ്റ കാര്യത്തിന് മറുപടി പറയാൻ കഴിയുമോ? പാറ്റൂരിലെ സംഭവം എന്തായി? ഞങ്ങൾ പറഞ്ഞപ്പോൾ അന്ന് നിങ്ങൾ ആക്ഷേപിച്ചു. നിങ്ങൾ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് നിങ്ങളുടെ കയ്യിലിരിപ്പുണ്ട്. ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്താൻ നിങ്ങൾ തയ്യാറുണ്ടോ? ഈ നിയമസഭയിൽ ഞങ്ങൾ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ഈ സംഭവത്തിൽ നിങ്ങളൊരു അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കാൻ തയ്യാറുണ്ടോയെന്ന് പ്രതിപക്ഷം ചോദിച്ചാൽ പ്രതിപക്ഷത്തിനെയാണ് ആക്ഷേപിക്കുന്നത്. കട്ടവനല്ല കുഴപ്പം, കട്ടത് കണ്ടെന്ന് പറഞ്ഞവനെയാണ് നിയമസഭയിൽ നിങ്ങൾ കൈകാര്യം ചെയ്യുന്നത്. ഒരിക്കലും അത് പാടില്ല, ശ്രീ. കെ. ശിവദാസൻ നായരെപ്പോലെ

നിയമപണ്ഡിതനായ ഒരാൾ..... ഞങ്ങൾ എന്ത് ക്രിമിനൽ കുറ്റമാണ് ഇവിടെ ചെയ്തത്? ഞങ്ങളുടെ അവകാശമുപയോഗിച്ച് കേരളത്തിൽ നടക്കുന്ന അനധികൃതമായ നിയമലംഘനങ്ങളും കയ്യേറ്റങ്ങളും ഞങ്ങളുടെ കണ്ണിൽപ്പെട്ടത് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിങ്ങൾ ഭരിക്കുന്നവരല്ലേ; നിങ്ങളല്ലേ ഇപ്പോൾ സ്റ്റേറ്റിന്റെ കസ്റ്റോഡിയൻ; നിങ്ങൾ എന്ത് കസ്റ്റോഡി യനാണ്? നിങ്ങൾ കേരളത്തിന്റെ തീരപ്രദേശത്തെ കച്ചവടത്തിന് വച്ചിരിക്കു കയാണ്. ഡി.എൽ.എഫ്. ഇപ്പോൾ തെളിഞ്ഞില്ലേ; പാറ്റൂർ തെളിഞ്ഞില്ലേ? ഇതും തെളിയും.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഏതായാലും ഒരു കാര്യം ഞാൻ പറയാം. ഡി.എൽ.എഫ്.-ന് എല്ലാ അനുമതിയും കൊടുത്തത് അങ്ങയുടെകൂടി പിന്തുണയുള്ള അന്നത്തെ കോർപ്പറേഷനാണ്. എന്റെ കയ്യിൽ അതിന്റെ രേഖയിരിക്കുകയാണ്. 2008, 2009, 2010 അതാണ് കണക്ക്. എന്റെ കയ്യിൽ രേഖയിരിക്കുകയല്ലേ? (പ്രസ്തുത രേഖ ഉയർത്തിക്കാണിച്ചു.)

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി, ഞങ്ങൾ ഇതൊന്നും അറിയാതെയല്ല ഉന്നയിക്കുന്നത്. നിങ്ങൾ അത് അന്വേഷിച്ചോ; നിങ്ങൾ എന്തിനാണ് ഞങ്ങളുടെ പേരിൽ തടിതപ്പുന്നത്; നിങ്ങൾ അത് അന്വേഷിക്കാൻ തയ്യാറുണ്ടോ; ഡി.എൽ.എഫ്.-നെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറുണ്ടോ? അതിനുപകരം ഞങ്ങൾ പണ്ട് ചെയ്തു. കലണ്ടറിൽ 2008 ഉണ്ട്, 2009 ഉണ്ട് എന്നൊക്കെ പറയാൻ അധികാര ത്തിലിരിക്കുന്ന നിങ്ങൾക്ക് നാണമുണ്ടോ; ലജ്ജയുണ്ടോ? എല്ലാ അധികാരവും നിങ്ങളുടെ കയ്യിലുണ്ടല്ലോ, നിങ്ങൾ കുറ്റവാളികളെ കണ്ടു

പിടിക്കൂ. കുറ്റവാളിയെ കണ്ടുപിടിച്ച് അന്വേഷണം നടത്തണം. ഒരന്വേഷണം പറയുമ്പോൾ നിങ്ങൾ മറ്റൊരന്വേഷണം പറയുകയാണ്. ഞങ്ങൾ ഇവിടെ അടിയന്തര പ്രമേയത്തിൽ ഉന്നയിച്ചത് എന്താണ്? നാല് ഉദ്യോഗസ്ഥൻമാരുടെ പേര് പറഞ്ഞു. കുറ്റവാളികളാണോ അല്ലയോയെന്ന് പ്രതിപക്ഷം പറഞ്ഞാൽ, ചില ഉദ്യോഗസ്ഥൻമാരെപ്പറ്റി ശക്തമായി പറഞ്ഞാൽ അന്വേഷണം നടത്താനുള്ള സാമാന്യ മര്യാദ വേണ്ടേ? എന്തുപറഞ്ഞാലും, ഏത് കാര്യം പറഞ്ഞാലും നിങ്ങൾ അംഗീകരിക്കില്ല. പ്രതിപക്ഷത്തിന് നേർക്ക് ഇത്രയും നെഗറ്റീവായി നിലപാടെടുത്ത് നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്? നിങ്ങളുടെ അഹങ്കാരമൊക്കെ പഴയതുപോലെ ഓടില്ല. ഇന്ന് ഈ കേസെല്ലാം കൊണ്ടെത്തിക്കാൻ വേറെ കേന്ദ്രങ്ങളുണ്ട്. അത് ഓർമ്മിക്കണം. പഴയതുപോലെയല്ല. ഇവിടെ ഞങ്ങളെ കൂവിയിരുത്താം, ബഹളം വച്ചിരുത്താം. പ്രതിപക്ഷ നേതാവിനെ നിശബ്ദമാക്കാം. ഇതാണോ നിങ്ങളുടെ ജനാധിപത്യം? ഇന്ത്യയിലെ ഏറ്റവും കൂടുതൽ പ്രായമുള്ള രാഷ്ട്രീയ നേതാവായ പ്രതിപക്ഷ നേതാവിനെ നിങ്ങൾ കൂവിയില്ലേ, അതാണോ നിങ്ങളുടെ ജനാധിപത്യം. പ്രതിപക്ഷ നേതാവ് എന്തും പറയട്ടെ. അതിന് സ്പീക്കർ റൂളിംഗ് കൊടുക്കുമല്ലോ. സ്പീക്കർ ഇരിക്കുന്നത് എന്തിനാണ്? പറയാൻ പാടില്ലാത്തത് പറഞ്ഞാൽ പാടില്ലായെന്ന് പറയാനാണ് ചെയറിൽ ആളിരിക്കുന്നത്. നിങ്ങൾ ആരാണ്?

നിങ്ങളുടെ മസിൽ പ്രയോഗം ഉപയോഗിക്കുന്നത് നിർഭാഗ്യകരമാണ്. അങ്ങനെ ചെയ്യരുത്. ഞങ്ങൾ ന്യായമായ കാര്യങ്ങളാണ് പറയുന്നത്. അതല്ലാതെ നിങ്ങൾ ഇപ്പുറത്തിരുന്ന് ചെയ്യുന്നതുപോലും ഞങ്ങൾ ഇപ്പോൾ ചെയ്യുന്നില്ല. ന്യായമായ കാര്യങ്ങൾ ഓരോന്നായി...........ഷിബുവിന്

ചിരിയാണ്, ഞാൻ നിർത്താൻ പോയതാണ്. അപ്പോൾ ഷിബു ചിരിച്ചതുകൊണ്ട് നിർത്തുന്നില്ല. ജനാധിപത്യപരമായി നിയമസഭയിൽ പറഞ്ഞില്ലേ? എന്തിനാണ് അതിനുവേണ്ടി വാദിക്കുന്നത്? ഈ കാര്യത്തിൽ ഞാൻ വീണ്ടും മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്, അങ്ങ് ഇതിനെ സംബന്ധിച്ച്............ബഹുമാനപ്പെട്ട മുഖ്യമന്ത്രി.........അദ്ദേഹം കേൾക്കുന്നില്ല.

മി. സ്പീക്കർ : അദ്ദേഹം കേൾക്കുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ : സർ, അങ്ങ് ഇതിനെക്കുറിച്ചൊരു അന്വേഷണം നടത്തണം. എന്തായാലും സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ നിങ്ങൾ സന്നദ്ധരല്ല, നിർഭാഗ്യകരമാണ്. ഞങ്ങൾ ശക്തമായ പ്രതിഷേധമാണ് പ്രകടിപ്പിക്കുന്നത്. നിങ്ങൾ ഒരു പുനരാലോചന നടത്തി ഞങ്ങൾ ഉന്നയിച്ച വിഷയത്തെക്കുറിച്ച് സാമാന്യമായ ഒരു അന്വേഷണം നടത്തുമെന്നുള്ള വിശ്വാസമുണ്ട്. സഭ നിർത്തിവയ്ക്കാത്തതിൽ അതിശക്തമായ പ്രതിഷേധമുണ്ട്. ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

മി. സ്പീക്കർ : ശ്രീ. സി. ദിവാകരൻ അങ്ങ് വാക്കൗട്ട് നടത്തുകയാണ്. അങ്ങ് പറഞ്ഞതുപോലെ ഇവിടെ പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ ആരും തടഞ്ഞില്ല. അദ്ദേഹത്തെ ആരും കൂകിയതുമില്ല. അദ്ദേഹത്തിന്റെ ചില പ്രസ്താവനകൾക്ക് ശക്തമായ പ്രതിഷേധം വന്നു എന്നുമാത്രമേയുള്ളു. പ്രതിപക്ഷ നേതാവിന്റെ അവകാശത്തെ ആർക്കും ചോദ്യം ചെയ്യാൻ സാധ്യമല്ല.

ശ്രീ. സി. ദിവാകരൻ : സർ, അവിടെ കുറെ ആളുകൾ ബഹളം വയ്ക്കു ന്നതാണോ ജനാധിപത്യം. ...(ബഹളം) ...... സ്പീക്കറുടെ കാര്യമെന്താണ്?

മി. സ്പീക്കർ : അല്ല. യെസ്....യെസ്.....ശ്രീ. സി. പി. മുഹമ്മദ്. യെസ്..... യെസ്......ശ്രീ. പി.സി. ജോർജ്........

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും പുറത്തുപോയി)

ശ്രീ. മാത്യൂ. റ്റി. തോമസ് : സർ, കെട്ടിടനിർമ്മാണത്തിനുവേണ്ടിയുള്ള വൻകിടക്കാരുടെ അപേക്ഷകൾ പി.എസ്.എൽ.വി.–3–യുടെ വേഗതയിലാണ് അനുവദിക്കപ്പെടുന്നത്. കടലോരത്തുള്ള പാവങ്ങൾക്ക് ഒരു കുടിൽ കെട്ടണമെങ്കിൽ യാതൊരു അനുമതിയുമില്ല. എന്നാൽ ഇത്തരത്തിലുള്ള നിയമങ്ങളെല്ലാം വൻകിടക്കാർക്കുവേണ്ടി കാറ്റിൽ പറത്തുന്ന സമ്പ്രദായമാണ് ഇവിടെ നിലനിൽക്കുകയാണ്. ഈ സഭ തുടങ്ങിയതിനുശേഷം ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിരവധി അടിയന്തരപ്രമേയ രൂപത്തിലും അല്ലാതെയും ഞങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിന്റെ ഫലമായി നിയമവിരുദ്ധമായ നടപടികളെ സർക്കാർ ന്യായീകരിക്കുന്നു. പ്രതിപക്ഷം ഇത്തരം സംഭവങ്ങൾ കൊണ്ടുവരുമ്പോൾ വാശിയോടുകൂടി ഒരു മത്സരബുദ്ധിയോടുകൂടി കൂടുതൽ അനുമതികൾ കെടുക്കുന്ന സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. നിയമസഭയിൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് വസ്തുതകളെങ്കിലും പറയേണ്ടതല്ലേ? ഇന്നലെ വൈകുന്നേരത്തെ ഏഷ്യാനെറ്റ് ന്യൂസ് കേട്ട് ഞാൻ ഞെട്ടിപോയി.

ശ്രീ. കെ. ശിവദാസൻ നായർ : ഞെട്ടണം.

ശ്രീ. മാത്യൂ ടി. തോമസ് : സർ, എന്തിനാണ് ശ്രീ. ശിവദാസൻ നായർ ഇങ്ങനെ ഇടപെടുന്നത്. അദ്ദേഹമാണ് ഈ പ്രശ്നമെല്ലാം ഉണ്ടാക്കിയത്. പാറ്റൂരിൽ അനധികൃത നിർമ്മാണത്തെക്കുറിച്ചാണ് ഏഷ്യാനെറ്റ് ന്യൂസ് വന്നത്. ഇപ്പോൾ അറിയുന്നതുപോലെയാണ് മുമ്പും സഭയിൽ അവതരി

പ്പിച്ചത്. 15–6–2003–ൽ വിജിലൻസ് ഡയറക്ടർ ഗവൺമെന്റിലേക്ക് ഈ വിവരം കാണിച്ച് കത്തു കൊടുക്കുകയും ക്രിമിനൽ കേസ്സെടുക്കുന്നതിനും എൽ.സി. കേസ്സെടുക്കുന്നതിനും പറഞ്ഞു. ഇതിനുവേണ്ടി എന്തെങ്കിലും ചെയ്തോ? അനധികൃത നിർമ്മാണങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രതിപക്ഷം ഇത് ഉന്നയിച്ചു കഴിഞ്ഞാൽ ഞങ്ങളത് നടത്തിയാലേ പ്രതിപക്ഷത്തെ തോൽപ്പിക്കാൻ കഴിയൂ എന്നൊരു മത്സരബുദ്ധിയാണ് ഈ സർക്കാർ ഇവിടെ കാണിച്ചുകൊണ്ടിരിക്കുന്നത്. ഈ മത്സരബുദ്ധി നല്ലതല്ല. നിയമങ്ങൾ ലംഘിച്ചുകൊണ്ട് നാട്ടിൽ നടക്കുന്ന പ്രവൃത്തികളെ നിയന്ത്രിക്കേണ്ട ഗവൺമെന്റുകൾ, നിയമലംഘനങ്ങളെ പ്രോത്സാഹിപ്പിക്കന്ന മത്സരബുദ്ധിയെ ഒരു തരത്തിലും ന്യായീകരിക്കത്തക്കതല്ല. അതിന്റെ ദൃഷ്ടാന്തങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. എന്തിനാണ് ഈ ചർച്ച വേണ്ട എന്നു വയ്ക്കുന്നത്? ഇത്തരം കാര്യങ്ങളിൽ ഒന്നും മറച്ചുയ്ക്കാനില്ലെങ്കിൽ ചർച്ച ചെയ്തു കൂടേ? ഇക്കാര്യങ്ങളിൽ സുതാര്യമായ നിലപാടെടുക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷി അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ ടി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും പുറത്തുപോയി)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, സുരക്ഷാ സംരക്ഷണത്തിന് നിയമവും കെട്ടിട നിർമ്മാണ ചട്ടവും പരിസ്ഥിതി ആഘാത പഠനവും നടത്തേണ്ടതുണ്ട്. ഇതൊന്നും സർക്കാർ ഓഫീസിലെ ഫയലുകളിൽ നോക്കി തീരുമാനിക്കേണ്ട കാര്യമല്ല. സംഭവസ്ഥലം സന്ദർശിച്ച് നിയമവിരുദ്ധമായിട്ടാണോ നിയമവിധേ

യമായിട്ടാണോ കാര്യങ്ങൾ നടക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. പ്രത്യേകിച്ചും പരിസ്ഥിതി ആഘാതംമൂലം നമ്മുടെ രാജ്യം നേരിടുന്ന ഗുരുതരമായ ഭീഷണി എല്ലാവരും ഗൗരവത്തിൽ കാണേണ്ട ഒരു കാലഘട്ട ത്തിൽ ഓഫീസിലിരുന്ന് ഫയലുകളിൽ അങ്ങനെയാണ് കാണുന്നത് എന്നു പറഞ്ഞ് ഇത്തരത്തിലുള്ള അനധികൃത കെട്ടിടനിർമ്മാണത്തെ ന്യായീക രിക്കുന്ന നടപടി നമ്മുടെ സംസ്ഥാനത്തിന് ഗുണകരമാണോ എന്നാണ് ആലോചിക്കേണ്ടത്. അതൊന്ന് ചർച്ച ചെയ്യേണ്ടതുണ്ട്. ഇത് ഒറ്റപ്പെട്ട ഒരു കാര്യമല്ല. പല പ്രദേശങ്ങളിലും അനധികൃതമായ കെട്ടിട നിർമ്മാണമാണ് നടക്കുന്നത്. പലപ്പോഴും കണ്ടീഷന് വിധേയമായി കൊടുക്കുന്ന അനുമതി പോലും പിന്നീട് ദുരുപയോഗപ്പെടുത്തി അനധികൃത നിർമ്മാണം നടത്തുന്നു. പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ പോലുള്ളവർക്ക് കെട്ടിടം നിർമ്മിക്കാൻ അനുവാദം ലഭിക്കുന്നുമില്ല. ഇതൊരു ഗുരുതരാമയ പ്രതിസന്ധിയാണ്. ഇത്തരം പ്രതിസന്ധികൾ ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസ മില്ലാതെ ചർച്ച ചെയ്ത് ഒറ്റക്കെട്ടായി പരിഹാരം കാണാൻ ശ്രമിക്കുന്നതിലേ ക്കുള്ള സഭയുടെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ ശ്രമിച്ചത്. അത്തരം ശ്രമങ്ങളെ അസഹിഷ്ണുതയോടുകൂടി കാണുന്ന ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും പുറത്തുപോയി)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനു ശേഷം സഭയിൽ തിരിച്ചെത്തി)